## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 172

## 11.06.2012-ലെ മറുപടിക്ക്

## ട്രഷറികളുടെ നവീകരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം.ഉമ്മർ | | ബഹു: ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി<br>ശ്രീ. കെ.എം. മാണി |
| എ) | ട്രഷറികളുടെ പ്രവർത്തനം നവീകരിക്കുന്നതിന് സ്വീകരിച്ചു വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | സംസ്ഥാനത്തെ എല്ലാ ട്രഷറികളും തമ്മിൽ ബന്ധിപ്പിച്ചു കൊണ്ട് ട്രഷറി നെറ്റ്‌വർക്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ട്രഷറികളിൽ കോർ ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനായി നാഷണൽ ഇൻഫോർമാറ്റിക്സ് സെന്ററിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ട്രഷറി നവീകരണത്തിന്റെ ഭാഗമായി അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 31 പുതിയ ട്രഷറി കെട്ടിടങ്ങളുടെ നിർമ്മാണത്തിനും നിലവിലുള്ള 50 ട്രഷറി കെട്ടിടങ്ങളുടെ നവീകരണത്തിനുമായി ഇൻഫ്രാസ്ട്രക്ചർ കേരള ലിമിറ്റഡ് (ഇൻകെൽ) എന്ന സ്ഥാപനത്തെ ഏൽപ്പിച്ചു കൊണ്ട് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |

| | | |
|---|---|---|
| ബി) | പുതുതായി എന്തെല്ലാം മാറ്റങ്ങളാണ് ട്രഷറി ഇടപാടുകളിൽ നടത്താൻ ഉദ്ദേശിക്കുന്നത്; | ട്രഷറി നെറ്റ്‌വർക്കിംഗ്, ട്രഷറി കോർ ബാങ്കിംഗ്, ട്രഷറി എ.ടി.എം, ഇ-സ്റ്റാമ്പിംഗ് എന്നിവയാണ് ട്രഷറി ഇടപാടുകളിൽ നടത്തുവാൻ ഉദ്ദേശിക്കുന്നത്. |
| സി) | കൂടുതൽ ട്രഷറികൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ? | 2012-13 വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ആലപ്പുഴ ജില്ലയിലെ മുതുകുളത്ത് പുതിയ സബ് ട്രഷറി ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |

Vijayasree

**സെക്ഷൻ ഓഫീസർ**